**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3055 — 10.05.2017 ൽ മറുപടി പറയേണ്ടിയിരുന്നത്

## കിഡ്നി/ക്യാൻസർ രോഗ നിർണ്ണയത്തിന് പ്രത്യേക കേന്ദ്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | കിഡ്നി/ക്യാൻസർ രോഗ നിർണ്ണയത്തിന് വേണ്ടി മലപ്പുറം ജില്ലയിൽ പ്രത്യേക കേന്ദ്രങ്ങൾ ഉണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കിഡ്നി രോഗ നിർണ്ണയത്തിനായി മലപ്പുറം ജില്ലയിൽ പ്രത്യേകം രോഗ നിർണ്ണയ കേന്ദ്രങ്ങൾ ഇല്ല. അക്കാര്യത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി (നെഫ്രോളജിസ്റ്റ്) തസ്തികയിലുള്ള ഡോക്ടർമാർ ജില്ലയിലില്ല അതേസമയം ഫിസിഷ്യൻ (എം.ഡി.ഫിസിഷ്യൻ) തസ്തികയിലുള്ള ഡോക്ടർമാർ ജില്ലയിലെ ജനറൽ ആശുപത്രി, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് ഇത്തരത്തിലുള്ള രോഗ നിർണ്ണയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.<br>ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും അതിന്റെ സ്പെഷ്യലിസ്റ്റുകൾ (റേഡിയോ തെറാപ്പിസ്റ്റ്) മുഖേന മഞ്ചേരി ജനറൽ ആശുപത്രിയിലും 3 ജില്ലാ ആശുപത്രികളിലും കാര്യങ്ങൾ ചെയ്തു വരുന്നുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു കേന്ദ്രം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | മലബാർ മേഖലയിൽ ഈ സംവിധാനങ്ങൾ (കിഡ്നി/ക്യാൻസർ രോഗ നിർണ്ണയം) നിലവിൽ ഉള്ള കേന്ദ്രങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ? | (സി) | മലബാർ മേഖലയിൽ പാലക്കാട് ജില്ലയിൽ നിലവിൽ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് ക്യാൻസർ യൂണിറ്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ യൂണിറ്റിൽ ക്യാൻസർ രോഗം മുൻപേ കണ്ടെത്താനുള്ള സംവിധാനം നിലവിലുണ്ട്. |

കൂടാതെ മാമോഗ്രാം, കീമോ തെറാപ്പി എന്നീ സംവിധാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ ഒരു സാറ്റലൈറ്റ് യൂണിറ്റ് കഞ്ചിക്കോട് പ്രവർത്തിച്ചു വരുന്നു. ഈ കേന്ദ്രത്തിലും ക്യാൻസർ മുൻകൂട്ടി കണ്ടെത്താനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. കിഡ്നി രോഗ നിർണ്ണയത്തിന് പാലക്കാട് ജില്ലാ ആശുപത്രിയോടനുബന്ധിച്ച് നെഫ്രോളജി യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. കൂടാതെ എടവണ്ണ ചെംബക്കുത്ത് സി.എച്ച്.സി യോട് ചേർന്ന് ക്യാൻസർ നിർണ്ണയ കേന്ദ്രം തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കിഡ്നി/ക്യാൻസർ രോഗ നിർണ്ണയത്തിനുവേണ്ടി ഗവൺമെന്റ് മേഖലയിൽ പ്രത്യേക കേന്ദ്രങ്ങൾ നിലവിലില്ല.

വയനാട് ജില്ലയിൽ മാനന്തവാടി ജില്ലാ ആശുപത്രിയിലും, വൈത്തിരി താലൂക്ക് ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നെഫ്രോളജിസ്റ്റ് തസ്തിക നിലവിലില്ല

കോഴിക്കോട് ജില്ലയിലെ കിഡ്നി രോഗ നിർണ്ണയ കേന്ദ്രങ്ങൾ താഴെപ്പറയുന്നു:

1. ജില്ലാ ആശുപത്രി, വടകര
2. താലൂക്ക് ആശുപത്രി, താമരശ്ശേരി
3. ഗവ.ജനറൽ ആശുപത്രി, കോഴിക്കോട്
4. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്

സെക്ഷൻ ഓഫീസർ